# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>എക്സൈസ് വകുപ്പിലെ ഇ-പെയ്മെന്റ് സംവിധാനം</u>

119 ശ്രീ. സി. പി. മുഹമ്മദ്
,, വര്‍ക്കല കഹാര്‍
,, പാലോട് രവി
,, ഷാഫി പറമ്പില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എക്സൈസ് വകുപ്പില്‍ ഇ-പെയ്മെന്റ് സംവിധാനം നിലവില്‍ വന്നിട്ടുണ്ടോ ;

(ബി) എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത സംവിധാനം വഴി ലഭ്യമാക്കുന്നത് ; വിശദാംശങ്ങള്‍ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജന്‍സികളുടെ സഹായത്തോടെയാണ് ഈ സംവിധാനം നടപ്പാക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പെയ്മെന്റുകള്‍ സംബന്ധിച്ച വിവരങ്ങള്‍ വെബ്സൈറ്റില്‍ ലഭ്യമാക്കുന്നതിന് നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>വിദേശമദ്യം സംബന്ധിച്ച ചട്ടങ്ങൾ</u>

120 ശ്രീ.ജി. സുധാകരൻ
,, സാജു പോൾ
,, എസ്. രാജേന്ദ്രൻ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശമദ്യം സംബന്ധിച്ച ചട്ടങ്ങളിൽ കൊണ്ടുവന്ന ഭേദഗതികൾ ഹൈക്കോടതി അസാധുവാക്കിയിട്ടുണ്ടോ; ഇതിനിടയായ സാഹചര്യം വിശദമാക്കുമോ;

(ബി) ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ നൽകുകയുണ്ടായോ; ഇല്ലെങ്കിൽ കാരണം എന്തായിരുന്നു; പുതിയ ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുന്നത് സംബന്ധിച്ച നിലപാട് എന്താണ് ;

(സി) സർക്കാർ നിലപാടിന് കോടതിയിൽ അംഗീകാരം നേടിയെടുക്കുന്നതിന് കഴിയാതെ പോയ സാഹചര്യം എന്തായിരുന്നു; സർക്കാരിന്റെ സത്യവാങ്മൂലത്തിൽ ഉന്നയിച്ച പ്രധാന കാര്യങ്ങൾ എന്തായിരുന്നു?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>കളള് വ്യവസായത്തിന്റെ ചുമതല ഏറ്റെടുക്കൽ</u>

121 ശ്രീ. പി. തിലോത്തമൻ
" കെ. അജിത്ത്
ശ്രീമതി.ഗീത ഗോപി
ശ്രീ. വി.എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏറ്റെടുത്ത കളള്ഷാപ്പുകൾ തുറക്കാത്തതുമൂലം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ മേഖലയിൽ ഇപ്പോൾ എത്ര തൊഴിലാളികൾ ഈവിധം തൊഴിൽ രഹിതരായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത്തരം തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) കളള് വ്യവസായത്തിന്റെ പൂർണ്ണമായ ചുമതല ഏറ്റെടുക്കൽ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുളള എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**10.12.2012-ലെ മറുപടിക്ക്**

<u>ബാർ ലൈസൻസ്</u>

122 ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പ്രഖ്യാപിച്ച മദ്യനയത്തിനനുസൃതമായിട്ടാണോ ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടുള്ളത് ;

(ബി) ലൈസൻസ് നൽകുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നത് സംബന്ധിച്ച നയം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>ബാറുകൾ/വിദേശമദ്യഷാപ്പുകളുടെ വിശദാംശങ്ങൾ</u>

123 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ അനുവദിച്ചിട്ടുള്ള, ബാറുകൾ, വിദേശമദ്യഷാപ്പുകൾ എന്നിവ സംബന്ധിച്ചുള്ള എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>മദ്യനയം</u>

124 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പുതിയ മദ്യനയം പ്രഖ്യാപിച്ചസമയത്ത് സ്റ്റാര്‍ പദവി ഇല്ലാത്ത എത്ര ഹോട്ടലുകള്‍ക്കാണ് ബാര്‍ ലൈസന്‍സ് ഉണ്ടായിരുന്നത്;

(ബി) പുതിയ നയത്തിന് ശേഷം എത്ര ലൈസന്‍സുകള്‍ ഫോര്‍സ്റ്റാര്‍, ഫൈവ് സ്റ്റാര്‍ ഹോട്ടലുകളിലേയ്ക്ക് മാറ്റുകയോ വില്‍ക്കുകയോ ചെയ്തു; ഇവ ഏതൊക്കെയെന്നും ഏതൊക്കെ ഹോട്ടലുകള്‍ക്കാണ് നല്‍കിയതെന്നും വ്യക്തമാക്കാമോ;

(സി) ഈ ഹോട്ടലുകളുടെ ഉടമസ്ഥരില്‍ ആരെങ്കിലും അബ്കാരി കേസ്സുകളില്‍ പ്രതികളാണോ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>ബാര്‍ ഹോട്ടലുകള്‍ക്കുള്ള ലൈസന്‍സ്</u>

125 ശ്രീ. ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വരുമ്പോള്‍ സംസ്ഥാനത്ത് എത്ര ബാര്‍ ഹോട്ടലുകള്‍ പ്രവര്‍ത്തിച്ചു വരുന്നുണ്ടായിരുന്നു; ഇവയില്‍ എത്രയെണ്ണത്തിന്റെ ലൈസന്‍സ് പുതുക്കി കൊടുക്കുകയുണ്ടായി ;

(ബി) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം പുതുതായി എത്ര ബാര്‍ ലൈസന്‍സുകള്‍ അനുവദിക്കുകയുണ്ടായി; ബാര്‍ ലൈസന്‍സിനു വേണ്ടിയുള്ള എത്ര അപേക്ഷകള്‍ ഇപ്പോള്‍ പരിഗണനയിലിരിക്കുന്നുണ്ട്; അവ ഏതൊക്കെ ;

(സി) ഈ സര്‍ക്കാര്‍ എത്ര ബിവറേജസ് ഔട്ട്‌ലെറ്റുകള്‍ അനുവദിക്കുകയുണ്ടായി ; നിലവിലുള്ള മൊത്തം ഔട്ട്‌ലെറ്റുകള്‍ എത്ര ;

(ഡി) നിയമലംഘനത്തിന്റെ പേരില്‍ ഈ സര്‍ക്കാര്‍ എത്ര ബാറുകളുടെയും, ബിവറേജസ് ഔട്ട്‌ലെറ്റുകളുടെയും ലൈസന്‍സുകള്‍ റദ്ദ് ചെയ്യുകയുണ്ടായി ; അവ ഏതെല്ലാം ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>വിദേശമദ്യശാലകൾ</u>

126 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃതമായി വിദേശമദ്യശാലകൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇങ്ങനെ പ്രവർത്തിക്കുന്ന മദ്യശാലകളുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മദ്യശാലകൾ അടച്ചുപൂട്ടിക്കുന്നതിന് അധികാരം നൽകിയിരിക്കുന്നത് ആർക്കാണ്;

(സി) പുതിയ മദ്യനയമനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മദ്യശാലകളുടെമേൽ എന്തൊക്കെ അധികാരങ്ങളാണ് നൽകിയിരിക്കുന്നത് ?

## കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

ബാർ ലൈസൻസ്

127 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ ജില്ലകളിലായി എത്ര മദ്യബാറുകൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ സ്റ്റാർ പദവി അനുവദിച്ചുള്ള കണക്ക് നൽകുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ബാറുകൾക്ക് പുതുതായി ലൈസൻസ് നൽകി; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; എന്തടിസ്ഥാനത്തിലാണ് ഇപ്രകാരം കൂടുതൽ ബാർ ലൈസൻസുകൾ നൽകാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

സ്പെഷ്യൽ ഓർഡർ വഴി അനുമതി നൽകിയ ബാറുകൾ

128 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതിനകം എത്ര ബാറുകൾക്ക് അനുമതി നൽകുകയുണ്ടായി ; ഇവയിൽ സ്പെഷ്യൽ ഓർഡർ വഴി അനുമതി നൽകിയ ബാറുകൾ ഏതൊക്കെയാണ് ;

(ബി) എത്ര ബാറുകളുടെ ലൈസൻസ് പുതുക്കിക്കൊടുക്കുകയുണ്ടായി ;

(സി) നിലവിലുള്ള ബാറുകൾ ഏതെങ്കിലും സ്ഥലംമാറ്റി സ്ഥാപിക്കാൻ ഉത്തരവ് നൽകുകയുണ്ടായോ ; ഏതൊക്കെ ;

(ഡി) ഏതെല്ലാം ബാറുകളുടെ ലൈസൻസ് നിലവിലുള്ള ആളിൽ നിന്നും മറ്റാർക്കെങ്കിലും മാറ്റി നൽകുകയുണ്ടായോ ;

(ഇ) എക്സൈസ് കമ്മീഷണർ ശുപാർശ ചെയ്തിട്ടില്ലാത്ത എത്ര കേസുകളിൽ ബാർ ലൈസൻസ് നൽകാൻ ഉത്തരവ് നൽകുകയുണ്ടായി ; ബാർ ലൈസൻസിനു വേണ്ടിയുള്ള എത്ര അപേക്ഷകൾ ഇപ്പോൾ നിലവിലുണ്ട് ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

## ബാർ ലൈസൻസിനുള്ള അപേക്ഷ

129

ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കൊല്ലം ജില്ലയിൽ ബാർ ലൈസൻസിനു വേണ്ടി എത്ര അപേക്ഷകളാണ് ലഭിച്ചിരുന്നതെന്ന് പേരും സ്ഥലവും ഉൾപ്പെടെ അറിയിക്കുമോ;

(ബി) ഇതിൽ ആർക്കെങ്കിലും ലൈസൻസ് നൽകിയിട്ടുണ്ടോ; എത്ര പേർക്കെന്നുള്ള വിശദാംശം അറിയിക്കുമോ;

(സി) കൊല്ലം ജില്ലയിൽ പുതുതായി ബാർ ലൈസൻസ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>കുട്ടനാട്ടിലെ എക്സൈസ് കോംപ്ലക്സ് നിർമ്മാണം</u>

130 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യ ബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കുട്ടനാട്ടിലെ എക്സൈസ് കോംപ്ലക്സ് നിർമ്മാണത്തിനും110 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതി ലഭ്യമാക്കുവാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

മദ്യവർജ്ജന നയവും കള്ളുഷാപ്പുകളും

131 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ എത്ര കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയിലൂടെ പ്രതിദിനം എത്ര ലിറ്റർ കള്ള് വിൽക്കുന്നുണ്ട്;

(സി) കള്ള് ഉല്പാദനത്തിലും വിതരണത്തിലും ഉള്ള അന്തരവും ഇത് വഴിയുണ്ടാകുന്ന ദുരന്ത സാധ്യതകളും സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ഡി) മദ്യവർജ്ജനവുമായി ബന്ധപ്പെട്ട് ഹൈക്കോടതി ഈയിടെ നടത്തിയ പരാമർശം കണക്കിലെടുത്ത് മദ്യവർജ്ജന നയത്തിന് രൂപം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

തെങ്ങിൽ നിന്നും പനയിൽ നിന്നുമുള്ള ഉത്പന്നങ്ങൾ

132 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെങ്ങിൽ നിന്നും പനയിൽ നിന്നും കളള് അല്ലാതെ ഉത്പ്പന്നങ്ങൾ എടുക്കാൻ കർഷകർക്ക് അനുമതിയുണ്ടോ;

(ബി) ശർക്കര, സൂർക്ക, നീര എന്നിവ ഉത്പാദിപ്പിക്കാൻ അനുമതി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇങ്ങനെ ചെയ്യുന്നത് കർഷകർക്ക് എപ്രകാരം ഗുണകരമാവുമെന്നാണ് വിലയിരുത്തിയിട്ടുളളത് ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ പുന:രധിവാസം</u>

133 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ താലൂക്കിൽ ലേലത്തിൽ പോകാത്ത എത്ര കള്ള് ഷാപ്പുകളുണ്ട് ;

(ബി) തന്മൂലം എത്ര തൊഴിലാളികൾക്കാണ് ജോലി നഷ്ടപ്പെട്ടിട്ടുള്ളത് ;

(സി) തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ പുന:രധിവാസം സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>ആശുപത്രികൾക്ക് മുന്നിൽ പ്രവർത്തിക്കുന്ന മദ്യഷാപ്പുകൾ</u>

134 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം മദ്യഷാപ്പുകളാണ് ആശുപത്രികൾക്ക് മുന്നിൽ പ്രവർത്തിക്കുന്നത്;

(ബി) പാലക്കാട് ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിൽ ഇത്തരത്തിൽ മദ്യഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്;

(സി) ആശുപത്രികൾക്ക് മുന്നിൽ പ്രവർത്തിക്കുന്ന മദ്യഷാപ്പുകൾ മാറ്റി സ്ഥാപിക്കുന്നകാര്യം പരിഗണനയിൽ ഉണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>കള്ള് ഉല്പാദനവും വില്പനയും</u>

135 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കള്ള് ഉൽപാദനവും വില്പനയും നിരോധിക്കാൻ ഏതെങ്കിലും രാഷ്ട്രീയ പാർട്ടി രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് ഏത് രാഷ്ട്രീയ പാർട്ടിയാണ്; ഈ ആവശ്യം അംഗീകരിക്കുമോ;

(ബി) ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിലെ കള്ള് ഉല്പാദനം സംബന്ധിച്ച ശുപാർശകൾ എന്തെല്ലാമാണ്; ഇവയിൽ ഇനിയും നടപ്പിലാക്കിയിട്ടില്ലാത്തവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>പുതിയ എക്സൈസ് ഓഫീസ്</u>

136 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ 10 ഗ്രാമപഞ്ചായത്തും മലയോര മേഖലയും ഉൾപ്പെട്ട പ്രദേശമായതിനാൽ വ്യാജവാറ്റും വ്യാജമദ്യകടത്തും നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നാദാപുരം മണ്ഡലത്തിൽ പുതുതായി എക്സൈസ് റെയിഞ്ച് ഓഫീസ് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

ലഹരി വസ്തുക്കളുടെ ലഭ്യത നിയന്ത്രിക്കുന്നതിന് നടപടി

137

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ ലഹരി വസ്തുക്കളുടെ ലഭ്യത വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലഹരി വസ്തുക്കളുടെ കടത്തുമായി ബന്ധപ്പെട്ട് കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി എത്ര കേസ്സുകൾ ജില്ല യിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ലഹരി വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കുന്നതി നായി പോലീസ് പട്രോളിങ്ങ് ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>കഞ്ചാവ് കൃഷി</u>

138 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഞ്ചാവ് കൃഷി വ്യാപകമായിരിക്കുന്നത് സർക്കാരിനറിയാമോ ; കഞ്ചാവ് കൃഷി നിരീക്ഷിക്കാനുള്ള സംവിധാനങ്ങൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത സംവിധാനങ്ങൾ പ്രവർത്തിക്കാതിരിക്കുന്നതുമൂലം കഞ്ചാവ് കൃഷി കണ്ടെത്താനും നശിപ്പിക്കാനും കഴിയാതിരിക്കുന്നുണ്ടോ ;

(സി) സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ഏതെല്ലാം കേന്ദ്രങ്ങളിൽ കഞ്ചാവ് കൃഷി കണ്ടെത്തുകയും നശിപ്പിക്കുകയും ചെയ്തു ; എത്ര കേസുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ</u>

139

ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ നടത്തിപ്പ് ദുബായ് പോർട്ട് വേൾഡിന് കൈമാറിയ ശേഷം ടെർമിനലിന്റെ വളർച്ചാ നിരക്ക് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) വല്ലാർപാടം ടെർമിനലിനായി കബോട്ടാഷ് നിയമത്തിൽ ഇളവ് വരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇന്ത്യയിൽ കബോട്ടാഷ് ഇളവ് നേടിയ മറ്റ് തുറമുഖങ്ങളിൽ ഇളവിനു ശേഷം ട്രാൻഷിപ്പ്മെന്റ് കാര്യത്തിൽ പുരോഗതി ഉണ്ടായിട്ടുണ്ടോയെന്ന് ഈ ആവശ്യമുന്നയിക്കും മുൻപ് പരിശോധിച്ചിട്ടുണ്ടോ;

(ഡി) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ പ്രതിസന്ധിക്ക് യഥാർത്ഥ കാരണമെന്തെന്ന് കണ്ടെത്തുന്നതിന് ഏതെങ്കിലും അന്വേഷണമോ പഠനമോ നടത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച തൊഴിലാളി സംഘടനകളുടെ പരാതികൾ പരിശോധിച്ചിട്ടുണ്ടോയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ</u>

140 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് കൊച്ചിൻ പോർട്ട് ട്രസ്റ്റും, ദുബായിലെ ദുബായ് പോർട്ട് വേൾഡ് എന്ന സ്വകാര്യകമ്പനിയും തമ്മിലുള്ള കരാർ എന്നാണ് നിലവിൽ വന്നത് ; ഈ കരാറിലെ വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു ;

(ബി) ഈ കരാറിലെ വ്യവസ്ഥകൾ എല്ലാം ഇപ്പോൾ കമ്പനി പാലിക്കുന്നുണ്ടോ ;

(സി) കരാർ റദ്ദുചെയ്യുന്നതിനുള്ള സാഹചര്യത്തെ സംബന്ധിച്ച് എന്തു വ്യവസ്ഥകളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>വിഴിഞ്ഞം തുറമുഖ പദ്ധതി</u>

141 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വിഴിഞ്ഞം തുറമുഖ വികസന പദ്ധതിയുടെ നടത്തിപ്പിനായി ഈ സർക്കാർ അധികാരമേറ്റെടുത്തതിനുശേഷം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നു വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>വിഴിഞ്ഞം തുറമുഖ പദ്ധതി</u>

142 ശ്രീ. എം. എ. ബേബി
,, ബി. സത്യൻ
,, വി. ശിവൻകുട്ടി
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി നടത്തിപ്പിനുള്ള പോർട്ട് ഓപ്പറേറ്റേഴ്സിനെ തെരഞ്ഞെടുക്കാനുള്ള ടെൻഡർ റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ; കേന്ദ്ര സർക്കാരിന്റെ സുരക്ഷാ അനുമതി ലഭിച്ച കമ്പനിയുടെ ഫിനാൻഷ്യൽ ടെൻഡർ തുറന്ന് നെഗോഷ്യേറ്റ് ചെയ്യുകയുണ്ടായോ; എങ്കിൽ ഏതെല്ലാം കാര്യങ്ങളിൽ വിലപേശുകയുണ്ടായി;

(ബി) കേന്ദ്ര ഷിപ്പിംഗ് കോർപ്പറേഷൻ പദ്ധതി നിർവ്വഹണത്തിന് താത്പര്യം കാണിച്ചിരുന്നുവോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ തുടർ ചർച്ചകൾ നടത്തിയിട്ടുണ്ടോ;

(സി) ടെൻഡർ റദ്ദാക്കിയ സാഹചര്യത്തിൽ പദ്ധതിയുടെ ഭാവി വിശദമാക്കുമോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ</u>

143 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻസ്മെന്റ്ഷിപ്പ് പദ്ധതിക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി എത്ര ഏക്കർ ഭൂമിയാണ് നാളിതുവരെ ഏറ്റെടുത്തിട്ടുള്ളത്; എത്ര ഏക്കർ ഭൂമി ഇനി ഏറ്റെടുക്കാനുണ്ട്;

(ബി) ഏറ്റെടുത്ത ഭൂമിക്കായി എത്ര തുക വിതരണം ചെയ്തു; എത്ര തുക ഇനി വിതരണം ചെയ്യാനുണ്ട്; ഈ തുക എന്ന് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ'

(സി) പദ്ധതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>വിഴിഞ്ഞം തുറമുഖ പദ്ധതി</u>

144 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ കമ്പനിയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് താല്ക്കാലികാടിസ്ഥാനത്തിൽ നിയമിച്ച 11 ജീവനക്കാരെ പിരിച്ചു വിടാൻ ഉത്തരവിറക്കിയിട്ടുണ്ടോ ;

(ബി) ഇവരെ പിരിച്ചു വിടുന്നതിന്റെ കാരണം ;

(സി) ഇവർ എന്നാണ് നിയമിതരായത് ;

(ഡി) ഇവരുടെ നിയമനത്തിന് ശേഷം ഈ ഗവൺമെന്റ് അധികാരമേറ്റപ്പോൾ എത്ര പേരെ താല്ക്കാലികാടിസ്ഥാനത്തിലോ കോൺട്രാക്ട് ബേസിലോ ഇതുവരെ നിയമിച്ചിട്ടുണ്ട് ;

(ഇ) ഇങ്ങനെ നിയമിതരായവർ ഇപ്പോഴും ജോലിയിൽ തുടരുന്നുണ്ടോ ;

(എഫ്) എങ്കിൽ ഇവരെ തുടരാൻ അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

## വിഴിഞ്ഞം തുറമുഖ പദ്ധതി

145 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയിൽ നിന്ന് വെൽസ്പൺ കൺസോർഷ്യത്തെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പുതിയ ടെൻഡർ വിളിച്ച് പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് എത്ര വർഷം സമയമെടുക്കുമെന്നാണ് കരുതുന്നത് ;

(സി) പദ്ധതിയുടെ ടെൻഡർ ഡോക്യുമെന്റ് ഉണ്ടാക്കുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുന്നതാരെയാണ് ;

(ഡി) ഇവർക്ക് ഈ രംഗത്തുള്ള മുൻപരിചയം വ്യക്തമാക്കുമോ;

(ഇ) കേന്ദ്ര ഷിപ്പിങ് കോർപ്പറേഷനെ പദ്ധതിയിൽ പങ്കാളിയാക്കാൻ താത്പര്യമുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>പുന്നപ്ര ഹാർബർ നിർമ്മാണം</u>

146 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുന്നപ്ര ഫിഷ് ലാന്റിംഗ് സെന്റർ ഹാർബർ ആയി ഉയർത്തുന്നതിന് കഴിഞ്ഞ സർക്കാർ തീരുമാനിച്ചിരുന്നുവോ ; ഇതിന്റെ സാധ്യതാ പഠനത്തിന് തുക വകയിരുത്തിയിരുന്നുവോ എന്നു വ്യക്തമാക്കുമോ ;

(ബി) സാധ്യതാ പഠനം നടത്തിയതിന്റെ റിപ്പോർട്ട് ലഭിച്ചുവോ ;

(സി) പുന്നപ്ര ഫിഷ് ലാന്റിംഗ് സെന്ററിൽ ഹാർബർ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) പുന്നപ്ര ഹാർബർ നിർമ്മാണത്തിന് എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>രാമന്തളി നടപ്പാലം നിർമ്മാണം</u>

147 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വലിയപറമ്പ് പഞ്ചായത്തിനെ രാമന്തളിയുമായി ബന്ധിപ്പിക്കുന്ന 'രാമന്തളി നടപ്പാലം നിർമ്മാണം' ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഈ പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

ഓലക്കാൽക്കടവിന് പാലം നിർമ്മിക്കുന്നത് സംബന്ധിച്ച്

148 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാടായി പഞ്ചായത്തിലെ ചൂട്ടാടിനെയും രാമന്തളി പഞ്ചായത്തിലെ ഓലക്കാലിനെയും മത്സ്യബന്ധന ഗ്രാമങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്നതും മത്സ്യത്തൊഴിലാളികൾക്ക് ഏറ്റവും ഉപയോഗപ്രദവുമായ ഓലക്കാൽക്കടവിന് പാലം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത പാലം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>ഫിഷറീസ് വകുപ്പിന്റെ സഹായത്തോടെയുള്ള റോഡു നിർമ്മാണം</u>

149 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013 സാമ്പത്തിക വർഷം റോഡ് നിർമ്മാണത്തിനായി ഫിഷറീസ് വകുപ്പിൽ നിന്നും എന്തു തുക അനുവദിച്ചുവെന്ന് അറിയിക്കുമോ ;

(ബി) ആലപ്പുഴ ജില്ലയിൽ എന്തു തുക അനുവദിച്ചു ;

(സി) അമ്പലപ്പുഴ എം.എൽ.എ നിർദ്ദേശിച്ച എത്ര റോഡുകൾക്ക് ഈ സാമ്പത്തികവർഷം ഫിഷറീസ് വകുപ്പ് ഫണ്ട് അനുവദിച്ചു ;

(ഡി) അമ്പലപ്പുഴ എം.എൽ.എ നിർദ്ദേശിക്കാത്ത എത്ര റോഡുകൾക്ക് അമ്പലപ്പുഴ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിൽ നിന്നും ഫണ്ട് അനുവദിച്ചുവെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>വലിയപറമ്പ് പഞ്ചായത്തിലെ റോഡ് നിർമ്മാണം</u>

150 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വലിയപറമ്പ് തീരദേശ പഞ്ചായത്തിൽ ഗതാഗതയോഗ്യമായ റോഡുകൾ ഒന്നുംതന്നെ ഇല്ലാത്തവിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ദ്വീപ് പഞ്ചായത്തിൽ റോഡ് നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതി</u>

151 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് താലൂക്കിലെ ഫിഷറീസ് വകുപ്പ് മുഖാന്തിരം അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കുട്ടനാട്ടിലെ ഏതെല്ലാം റോഡുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) കുട്ടനാട്ടിലെ ഭരണാനുമതി ലഭ്യമായ പ്രവൃത്തികളുടെ ലിസ്റ്റ് തയ്യാറാക്കുമോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>ചെറുവത്തൂർ ഫിഷറീസ് ഹാർബർ നിർമ്മാണം</u>

152 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചെറുവത്തൂർ ഫിഷറീസ് ഹാർബർ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ കരിങ്കല്ല് ലഭ്യമല്ലാത്തിനാൽ പണി നിലച്ച വിവരം ശ്രദ്ധയിൽപ്പെടുത്തിയിട്ടും പണി പുനരാരംഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

ഫിഷിംഗ് ഹാർബറുകളുടെ നവീകരണം

153 ശ്രീ. കെ. മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം. പി. വിൻസെന്റ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫിഷിംഗ് ഹാർബറുകൾ നവീകരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ലഭിക്കുന്ന കേന്ദ്ര സഹായങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) ഇവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്?

## കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>പുതിയങ്ങാടി ഫിഷിംഗ് ഹാർബർ</u>

154 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടിയിൽ ഫിഷിംഗ് ഹാർബർ തുടങ്ങാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഹാർബറിനായി ഇതുവരെ എത്ര തുക ചെലവഴിച്ചു ;

(ബി) അന്വേഷണ ഗവേഷണ പഠനങ്ങൾ പൂർത്തിയാക്കുന്നതിനായി കൂടുതൽ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഹാർബർ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>തവന്നൂർ മണ്ഡലത്തിലെ പദ്ധതികൾ</u>

155 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തവന്നൂർ മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ പുരോഗതി എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>തുറമുഖ വകുപ്പിൻകീഴിൽ നടപ്പിലാക്കിയ പ്രവൃത്തികൾ</u>

156 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല മണ്ഡലത്തിൽ തുറമുഖവകുപ്പിൻകീഴിൽ ഈ സർക്കാർ ഏറ്റെടുത്തു നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണെന്നു പറയാമോ; ഇതിനോടകം ഇതിനു വേണ്ടി എത്ര തുക ചെലവഴിച്ചു എന്നു വ്യക്തമാക്കുമോ;

(ബി) അന്ധകാരനാഴിയടക്കമുള്ള ഹാർബർ എൻജിനീയറിംഗ് വിഭാഗത്തിനു കീഴിൽ വരുന്ന ഏതെല്ലാം ജോലികളാണ് ചേർത്തല മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്നതെന്നും അതിന് എത്ര തുക ഈ സർക്കാർ വകയിരുത്തിയിട്ടുണ്ടെന്നും പറയാമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

വെള്ളയിൽ മത്സ്യബന്ധന തുറമുഖം

157 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിന് കേന്ദ്ര കൃഷിമന്ത്രാലയത്തിൽ നിന്നും ലഭിച്ച ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കേന്ദ്ര ഗവൺമെന്റിന്റെ ആനിമൽ ഹസ്ബന്ററി ആന്റ് ഫിഷറീസ് വകുപ്പിന്റെ ഇത് സംബന്ധിച്ച ഉത്തരവ് സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(സി) നിർദ്ദിഷ്ട ചെലവ്, കേന്ദ്രം അനുവദിച്ച തുക, സംസ്ഥാനം ബഡ്ജറ്റിൽ വകയിരുത്തിയ തുക, പ്രവർത്തനം എന്ന് ആരംഭിക്കും എന്നീ കാര്യങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

## മാരിടൈം ബോർഡ്

158 ശ്രീ. കെ. ശിവദാസൻ നായർ
'' എ. പി. അബ്ദുള്ളക്കുട്ടി
'' റ്റി. എൻ. പ്രതാപൻ
'' ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാരിടൈം ബോർഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തെല്ലാമാണ് ;

(സി) ജലത്തിൽ കൂടിയുള്ള ചരക്കുഗതാഗതം പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ബോർഡ് രൂപീകരണം വഴി ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഈ മേഖലയിലുള്ള വിവിധ ഏജൻസികളെ ബോർഡ് രൂപീകരണത്തിൽ സംയോജിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഇ) ഇതിനുള്ള നിയമനിർമ്മാണ നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>തീരദേശ റോഡുകളുടെ പുനരുദ്ധാരണം</u>

159

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയ റോഡുകളുടെ വിശദവിവരം ലഭ്യമാക്കാമോ; പ്രസ്തുത റോഡുകളുടെ ടെക്നിക്കൽ നടപടികൾ എപ്പോൾ പൂർത്തിയാകുമെന്നും നിർമ്മാണ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(ബി) പുതുതായി ഭരണാനുമതി നൽകുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിൽ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ള റോഡുകളുടെ വിശദവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത റോഡുകളുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകി ഭരണാനുമതി നൽകുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>പൊന്നാനി ഫിഷിംഗ് ഹാർബർ</u>

160 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി ഫിഷിംഗ് ഹാർബറിന്റെ പൂർത്തീകരണത്തോടെ ഇതിന്റെ വിപരീത ദിശയിൽ സ്ഥിതിചെയ്യുന്ന പുറത്തൂർ പഞ്ചായത്തിലെ പളളിക്കടവ് പ്രദേശം 1500 മീറ്റർ ചുറ്റളവിൽ വെളളത്തിന്റെ ശക്തമായ സമ്മർദ്ദം കാരണം ദിവസവും ഇടിഞ്ഞ് കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം പദ്ധതികളാണ് എടുക്കാനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>പരവൂർ ഫിഷ്ലാന്റിംഗ് സെന്റർ</u>

161 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ ഫിഷ്ലാന്റിംഗ് സെന്ററിന് അനുമതി നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത സെന്ററിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ നടത്തുന്നതിലേക്ക് തുക അനുവദിച്ച് നൽകിയിരുന്നുവോ; എങ്കിൽ എത്ര രൂപയാണെന്നും എന്നാണെന്നും അറിയിക്കുമോ;

(സി) ഇൻവെസ്റ്റിഗേഷൻ നടപടികൾ എന്നാണ് ആരംഭിച്ചത്; എന്തെല്ലാം പ്രവർത്തനങ്ങൾ നാളിതുവരെ നടത്തിയെന്നും, നിലവിലുളള പ്രവർത്തനപുരോഗതി എന്താണെന്നും അറിയിക്കുമോ;

(ഡി) മുന്നൊരുക്ക പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഫിഷ്ലാന്റിംഗ് സെന്റർ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളും ഭൂമാഫിയയും</u>

162 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ സ്ഥലങ്ങൾ റിസോർട്ടുകൾക്കായി ഭൂമാഫിയകൾ വാങ്ങികൂട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രവണത സംബന്ധിച്ച് ലഭ്യമായ വിശദാംശം വ്യക്തമാക്കുമോ ;

(സി) മത്സ്യത്തൊഴിലാളി ഗ്രാമങ്ങളായി പരിഗണിച്ചുവരുന്ന ജില്ലയിലെ സ്ഥലങ്ങൾ ഏതൊക്കെയാണ് ; ഈ ഗ്രാമങ്ങളിൽ മത്സ്യത്തൊഴിലാളികൾ ഭൂമി വിറ്റുകൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ പെൻഷൻ</u>

163 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഗവൺമെന്റ് അധികാരമേറ്റശേഷം 60 വയസ്സ് കഴിഞ്ഞ മത്സ്യത്തൊഴിലാളികൾക്ക് നൽകിയിരുന്ന പെൻഷൻ തുക നൽകാനായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>മത്സ്യവിത്ത് നിയമം</u>

164 ശ്രീ. വര്‍ക്കല കഹാര്‍
,, ഐ. സി. ബാലകൃഷ്ണന്‍
,, ഹൈബി ഈഡന്‍
,, ആര്‍. സെല്‍വരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മല്‍സ്യവിത്ത് നിയമം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) മല്‍സ്യവിത്തുകളുടെ ഗുണനിലവാരം ഉയര്‍ത്തുന്നതിനും ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി എന്തെല്ലാം വ്യവസ്ഥകളാണ് നിയമത്തില്‍ ഉള്‍പ്പെടുത്തിയിട്ടുള്ളത്;

(സി) ഇതിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

## കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>മത്സ്യ തൊഴിലാളികൾക്കുള്ള അപകട ഇൻഷ്വറൻസ് പദ്ധതി</u>

165 ശ്രീ. റ്റി. എൻ. പ്രതാപൻ
,, എം. എ. വാഹീദ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യ തൊഴിലാളികൾക്കുള്ള അപകട ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം അപകട ഇൻഷ്വറൻസ് പദ്ധതി കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഈ കാലയളവിൽ ഇൻഷ്വറൻസ് തുക എത്രകണ്ട് വർദ്ധിപ്പിക്കുകയുണ്ടായി?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>മാതൃകാ മത്സ്യബന്ധന ഗ്രാമങ്ങൾ</u>

166 ശ്രീ. കെ. മുരളീധരൻ
,, പാലോട് രവി
,, എം. എ. വാഹീദ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാതൃകാ മത്സ്യബന്ധന ഗ്രാമങ്ങളുടെ പ്രവർത്തനത്തിന് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഈ ഗ്രാമങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് മത്സ്യത്തൊഴിലാളികൾക്കായി ഗ്രാമങ്ങളിൽ ഒരുക്കിയിട്ടുള്ളത് ;

(ഡി) ഇതിനായി എന്തെല്ലാം കേന്ദ്രസഹായങ്ങൾ ലഭ്യമാണ് ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>മത്സ്യബന്ധനയാനങ്ങൾക്കുള്ള മണ്ണെണ്ണ പെർമിറ്റ്</u>

167 ശ്രീ. പി.കെ. ഗുരുദാസൻ
,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, എസ്. ശർമ്മ
,,സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനയാനങ്ങൾക്ക് മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നതിനുള്ള എഞ്ചിൻ വെരിഫിക്കേഷൻ പൂർത്തിയായോ;

(ബി) എത്ര വള്ളങ്ങളിലെ എൻജിനുകൾക്കാണ് ഇപ്രകാരം മണ്ണെണ്ണ പെർമിറ്റ് ലഭിക്കുന്നത്; പെർമിറ്റ് നിഷേധിച്ചവ എത്ര;

(സി) വെരിഫിക്കേഷൻ നടപടികളിൽ നിരവധി ക്രമക്കേടുകൾ ഉള്ളതായി പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ഡി) അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള യാനങ്ങൾ വ്യാജമായി പെർമിറ്റു നേടുന്നതായ വാർത്തയെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഒരു എൻജിന് പ്രതിമാസം എത്ര ലിറ്റർ മണ്ണെണ്ണ നൽകാനാണ് ഉദ്ദേശിക്കുന്നത്; ഇത് എത്ര ദിവസത്തേക്ക് മതിയാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ഇ) കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന മണ്ണെണ്ണക്കുപുറമേ സബ്സിഡി നിരക്കിൽ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

## അലങ്കാര മത്സ്യകൃഷി

168 ശ്രീ. റ്റി. എൻ. പ്രതാപൻ
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം പദ്ധതിയാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതുവഴി എന്തെല്ലാം വികസന സാധ്യതകളാണ് ഉണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നത് ;

(ഡി) നിലവിലുള്ള അക്വേറിയങ്ങൾ കാലാനുസൃതമായി പുനരുദ്ധരിക്കുവാനും പുതിയ അക്വേറിയങ്ങൾ തുടങ്ങുവാനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>മത്സ്യസമൃദ്ധി പദ്ധതി</u>

169 ശ്രീ. വി. റ്റി. ബല്‍റാം
,, പി. എ. മാധവന്‍
,, വി. ഡി. സതീശന്‍
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് മത്സ്യസമൃദ്ധി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദാംശങ്ങള്‍ എന്തെല്ലാം ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ് ;

(സി) ഉള്‍നാടന്‍ മത്സ്യോല്‍പ്പാദനം വര്‍ദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത് ;

(ഡി) എവിടെയെല്ലാമാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത് ;

(ഇ) ഏതെല്ലാം ഏജന്‍സിയുമായി സഹകരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്?

## കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

മത്സ്യഗ്രാമപദ്ധതി

170 ശ്രീ.ജി. എസ്.ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തീരദേശ മേഖലയിലെ ജനങ്ങളുടെ ഉന്നമനത്തിനായി മത്സ്യ ഗ്രാമം പദ്ധതി നടപ്പിലാക്കിയിരുന്നോ; എങ്കിൽ ഏതെല്ലാം ജില്ലകളിൽ എവിടെയൊക്കെയാണെന്ന വിശദാംശം അറിയിക്കുമോ;

(ബി) മത്സ്യഗ്രാമപദ്ധതി പ്രകാരം ഓരോസ്ഥലത്തും എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശി ക്കുന്നതെന്ന് തുക സഹിതം അറിയിക്കുമോ;

(സി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂരിൽ മത്സ്യഗ്രാമം പദ്ധതി നടപ്പിലാക്കണമെന്ന് ആവശ്യ പ്പെട്ട് അപേക്ഷ ലഭിച്ചിരുന്നുവോ; എങ്കിൽ അതിന്മേൽ പരിശോധന നടത്തി റിപ്പോർട്ട് ലഭിച്ചതിന്റെ വിശ ദാംശം അറിയിക്കാമോ;

(ഡി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഏറെ വസിക്കുന്ന പ്രദേശം എന്ന പരിഗണന നൽകി പരവൂരിൽ മത്സ്യ ഗ്രാമം പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

ഐ. സി. എ. ഡി. പി. പദ്ധതി

171 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യ ഗ്രാമങ്ങൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന ഐ. സി. എ. ഡി. പി. പദ്ധതിയിൽ കൊയിലാണ്ടി മണ്ഡലത്തിലെ ഏതെല്ലാം മത്സ്യഗ്രാമങ്ങളിലാണ് വികസന പദ്ധതികൾ നടപ്പിലാക്കുന്നത് എന്നത് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി തീരദേശ വികസന കോർപ്പറേഷൻ കൊയിലാണ്ടി മത്സ്യ ഗ്രാമത്തിന്റേതായി എസ്റ്റിമേറ്റ്/പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) കൊയിലാണ്ടിയിലെ മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന മറ്റ് മത്സ്യ ഗ്രാമങ്ങൾ കൂടി ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളികൾക്കായുള്ള പഞ്ഞമാസ സമാശ്വാസ പദ്ധതി

172 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കായുള്ള പഞ്ഞ മാസ സമാശ്വാസ പദ്ധതിയുടെ ആനുകൂല്യത്തിന് ഈ വർഷം എത്ര മത്സ്യത്തൊഴിലാളികൾ അർഹരായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ ഓരോ തൊഴിലാളിക്കും മാസം എത്ര രൂപ വീതം ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിനായുള്ള കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ എത്ര രൂപ വീതമാണെന്നും ഇവ ലഭ്യമായിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ;

(ഡി) പദ്ധതികളുടെ തുക സമാഹരിച്ച് വിതരണം ചെയ്യുന്നതിനുള്ള ചുമതല ആർക്കാണ് നൽകിയിരിക്കുന്നത് ;

(ഇ) ഈ വർഷം ഇതുവരെ എത്ര പേർക്ക് തുക വിതരണം ചെയ്തു ;

(എഫ്) തീരപ്രദേശത്ത് കടൽക്ഷോഭവും മത്സ്യദൗർലഭ്യവും നേരിടുന്ന ഈ മാസങ്ങളിൽ കൃത്യമായി തുക വിതരണം ചെയ്യാനാരംഭിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണമെന്തെന്നും ഉത്തരവാദിത്വം ആർക്കാണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്കുള്ള പഞ്ഞമാസ സമാശ്വാസ പദ്ധതി

173

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികൾക്കുള്ള പഞ്ഞമാസ സമാശ്വാസ പദ്ധതി പ്രകാരം നൽകാനുണ്ടായിരുന്ന തുക എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക പൂർണ്ണമായും മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കിയോ;

(സി) എങ്കിൽ ഏതു മാസമാണ് തുക നൽകിത്തുടങ്ങിയതെന്നും ഏതുമാസമാണ് പൂർണ്ണമായും ലഭ്യമാക്കിയതെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തുക ലഭ്യമാക്കണമെങ്കിൽ ദേശസാൽകൃത ബാങ്കുകളിൽ അക്കൗണ്ട് നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണ് ഇത് നിർബന്ധമാക്കിയതെന്നും ഇതുമൂലം മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന നേട്ടം എന്തെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി</u>

174

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് അധികാരമേറ്റ ശേഷം മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ എഴുതിത്തള്ളുന്നതിനായി സംസ്ഥാനത്തെ ബാങ്കുകൾക്ക് നൽകിയ ആകെ തുക എത്രയെന്ന് വ്യക്തമാക്കാമോ; ഇതിനാവശ്യമായ മൊത്തം തുക എത്രയാണ്;

(ബി) ഗവൺമെന്റ് അധികാരമേറ്റ ശേഷം മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി പ്രകാരം സംസ്ഥാനത്തെ മത്സ്യ സഹകരണ സംഘങ്ങൾ എഴുതിത്തള്ളിയ ആകെ വായ്പാത്തുക എത്രയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

**മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കാൻ നടപടി**

175 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ വഴി എന്തു തുകയുടെ ആനുകൂല്യമാണ് മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കിയത്;

(ബി) കമ്മീഷൻ എത്ര അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിച്ചു;

(സി) ഇനി തീർപ്പു കൽപ്പിക്കാതെ എത്ര അപേക്ഷകളാണ് കമ്മീഷൻ ആസ്ഥാനത്ത് കെട്ടിക്കിടക്കുന്നത്;

(ഡി) യുദ്ധകാലാടിസ്ഥാനത്തിൽ അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>ശ്രീ. ബാഹുലേയന് ഇൻഷ്വറൻസ് ആനുകൂല്യം</u>

176 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുലശേഖരപുരം മത്സ്യഗ്രാമത്തിലെ 1322–ാം നമ്പർ അംഗമായിരുന്ന ശ്രീ. ബാഹുലേയൻ മത്സ്യബന്ധനത്തിനിടെ 2.12.2010 ൽ കായംകുളം കായലിൽ മുങ്ങിമരിക്കുകയുണ്ടായി. ടി ആളുടെ ഭാര്യ കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ ക്ലാപ്പന വില്ലേജിൽ ആലുംപീടിക പ്രയാർ തെക്ക് വിഷ്ണുഭവനത്തിൽ ശ്രീമതി കുഞ്ഞുമോൾ, തങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിലേക്ക് ക്ഷേമനിധി ബോർഡിൽ അപേക്ഷ സമർപ്പിച്ചിട്ടും ഇൻഷ്വറൻസ് തുക ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ശ്രീ. ബാഹുലേയന്റെ കുടുംബത്തിന് ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>മത്സ്യമാർക്കറ്റുകളുടെ നവീകരണം</u>

177 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സാമ്പത്തികവർഷം എത്ര മത്സ്യ മാർക്കറ്റുകൾ നവീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ മാർക്കറ്റ് നവീകരണത്തിനും എത്ര രൂപയാണ് മുതൽ മുടക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഓരോ നിയോജകമണ്ഡലത്തിലും ഒരു മാർക്കറ്റ് എന്ന രീതിയിൽ ഈ പദ്ധതി നടപ്പിൽ വരുത്തുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ</u>

178 ശ്രീ. മോൻസ് ജോസഫ്
,, ടി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന വിവിധങ്ങളായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ മുഴുവൻ കടങ്ങളും എഴുതിത്തള്ളുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) നിലവിൽ മത്സ്യത്തൊഴിലാളികളുടെ ഏതെല്ലാം കടങ്ങളാണ് എഴുതിത്തള്ളുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>മത്സ്യകൃഷി</u>

179 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യകൃഷിക്ക് ആവശ്യമായ മത്സ്യ-ചെമ്മീൻ വിത്തുകൾ 80 ശതമാനം മറ്റ് സംസ്ഥാനങ്ങളിൽ നിന്നാണ് എത്തുന്നത് എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഈ സാഹചര്യത്തിൽ മത്സ്യവിത്ത് ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാർ ഉടമസ്ഥതയിലുള്ള എത്ര ഫാമുകൾ ഇപ്പോൾ പാട്ടത്തിന് നൽകിയിട്ടുണ്ട് ; ഇവ ഏറ്റെടുത്ത് പൊതുമേഖലയിൽ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

ഫിഷറീസ് സർവ്വകലാശാല

180 ശ്രീ. കെ. അച്ചുതൻ.
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് സർവ്വകലാശാലയെ സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തുന്ന കാര്യം ആലോചനയിലുണ്ടോ; വിശദമാക്കുമോ ;

(ബി) അപ്രകാരം ചെയ്യുന്നതുകൊണ്ടുള്ള ഗുണങ്ങളും നേട്ടങ്ങളും എന്തൊക്കെയാണ് ; വിശദമാക്കുമോ ;

(സി) എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിനായി ലഭിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>വിമാന കമ്പനികളുടെ ടിക്കറ്റ് നിരക്ക് വർദ്ധനവ്</u>

181 ശ്രീ. ഇ.പി. ജയരാജൻ
,, കെ.വി. അബ്ദുൾ ഖാദർ
,, കെ. സുരേഷ് കുറുപ്പ്
ഡോ കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗൾഫ് മലയാളികളെ വിമാനക്കമ്പനികൾ ടിക്കറ്റ് ഇനത്തിൽ കൊള്ളയടിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എയർ ഇന്ത്യ സർവ്വീസുകൾ വെട്ടിച്ചുരുക്കി സ്വകാര്യ വിമാനകമ്പനികൾക്ക് അധിക നിരക്ക് ഈടാക്കാൻ അവസരമൊരുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മലയാളികളെ സ്വകാര്യ വിമാന കമ്പനികൾ ടിക്കറ്റ് നിരക്കിലൂടെ കൊള്ളയടിക്കുന്ന സ്ഥിതിവിശേഷം ഇല്ലാതാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഡി) ഗൾഫ്–കേരള സെക്ടറിൽ വിമാനക്കമ്പനി രൂപീകരിച്ച് സർവ്വീസ് നടത്തുമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ ; ഇക്കാര്യത്തിൽ കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>കണ്ണൂർ വിമാനത്താവളം</u>

182

ശ്രീ. സണ്ണി ജോസഫ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതിന്റെ പാരിസ്ഥിതിക പഠനം പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾക്ക് ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) കേന്ദ്ര പ്രതിരോധ വകുപ്പിന്റെ അനുമതിയിലുണ്ടായിരുന്ന നിബന്ധനകളിൽ സംസ്ഥാന താൽപര്യത്തിന് അനുകൂലമായ ഇളവുകൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>എയർ കേരള പദ്ധതി</u>

183 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഷാഫി പറമ്പിൽ
,, പി. സി. വിഷ്ണുനാഥ്
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയർ കേരള പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഇതിന്റെ നടത്തിപ്പിനായി കോർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കോർ കമ്മിറ്റിയുടെ ചുമതലകൾ എന്തെല്ലാം;

(ഡി) പദ്ധതിയുടെ അപേക്ഷ ഡി. ജി. സി. എ–ക്ക് നൽകിയിട്ടുണ്ടോ;

(ഇ) പദ്ധതിയുടെ വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

കണ്ണൂർ എയർപോർട്ട് പ്രോജക്ട്

184 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ എയർപോർട്ട് പ്രോജക്ടിന്റെ കൺസൾട്ടന്റായി ഏതെല്ലാം സ്ഥാപനങ്ങളെ നിയോഗിച്ചിട്ടുണ്ട്; ഇതിനായി അപേക്ഷിച്ചിട്ടുള്ളവർ ഏതൊക്കെ കമ്പനികളായിരുന്നു ;

(ബി) കൺസൾട്ടൻസി കമ്പനിയുമായി എഗ്രിമെന്റ് വച്ചിട്ടുണ്ടെങ്കിൽ അവയിലെ വ്യവസ്ഥകളും കമ്പനി ചെയ്യേണ്ടുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം എയർപോർട്ട് പ്രോജക്ടുകളിൽ പ്രസ്തുത കമ്പനി നേരിട്ട് പ്രവർത്തിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>വയനാട്ടിലെ വിമാനത്താവളത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ</u>

185 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ ആരംഭിക്കുന്ന ചെറു വിമാനത്താവളത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ഏതു ഘട്ടം വരെയായെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിമാനത്താവളത്തിന്റെ സാങ്കേതിക പഠനത്തിനു ഏതു ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഏജൻസി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?